മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവി

30 (*150) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുത്തതിനോട് അനുബന്ധിച്ച് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ-സി) ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചതിന്റെ പേരിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് നേരിട്ട് ധനസഹായം ലഭിക്കുകയില്ല. എന്നാൽ സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും ഇതുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടത്തിവരുന്നുണ്ട്. മലയാള ഗവേഷണ സ്ഥാപനം തുടങ്ങുക, ഗവേഷണ പ്രബന്ധങ്ങൾക്ക് ഫെലോഷിപ്പ് നൽകുക, കേന്ദ്ര സർവ്വകലാശാലകളിൽ മലയാളത്തിനായി ചെയർ ആരംഭിക്കുക എന്നീ കാര്യങ്ങളാണ് ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചതുകൊണ്ടുള്ള ഭൗതിക നേട്ടങ്ങൾ. ഇക്കാര്യങ്ങൾ കാസർഗോഡുള്ള കേന്ദ്ര സർവ്വകലാശാലയാണ് നിർവ്വഹിക്കുന്നത്. ഇതിനുള്ള സാമ്പത്തിക സഹായം കേന്ദ്രസർക്കാർ ഈ സർവ്വകലാശാലയ്ക്കാണ് നൽകുക. മലയാള ഭാഷയിൽ ആറ് ക്ലാസിക് ഗ്രന്ഥങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു. ഡി.ടി.പി.-മലയാള ഭാഷയെ സജ്ജമാക്കാനുള്ള ലാംഗ്വേജ് കംപ്യൂട്ടിംഗ് നടത്തുക, മൺമറഞ്ഞ ക്ലാസിക് ഗ്രന്ഥങ്ങൾ പുനഃപ്രസിദ്ധീകരിക്കുക, മലയാളികളെ ഭാഷയുടെ പൈതൃകവും സംസ്കാരവും ബോദ്ധ്യപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. ഇന്ത്യയിലും വിദേശത്തും കൂടുതൽ സ്ഥലങ്ങളിലേക്ക് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ഭാഷാ വ്യാപനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. മലയാള ഭാഷാ വ്യാപനവും പരിപോഷണവും സംബന്ധിച്ച ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly